A

# സമഗ്രശിക്ഷാ, കേരളം

9001

## രണ്ടാംപാദ വാർഷിക മൂല്യനിർണയം 2022 – 23

# ആരോഗ്യ കായികവിദ്യാഭ്യാസം, കലാവിദ്യാഭ്യാസം, പ്രവൃത്തിപഠനം

ക്ലാസ് - IX

സമയം : 2 മണിക്കൂർ

ആകെ സ്കോർ : 45

**പൊതു നിർദ്ദേശങ്ങൾ**

- ആരോഗ്യ കായികവിദ്യാഭ്യാസം, കലാവിദ്യാഭ്യാസം, പ്രവൃത്തിപഠനം എന്നീ വിഷയങ്ങളെ മൂന്ന് വിഭാഗങ്ങളായിട്ടാണ് ചോദ്യപേപ്പറിൽ ക്രമീകരിച്ചിട്ടുള്ളത്.
- ഓരോ വിഭാഗത്തിനും 15 സ്കോർ വീതം. എഴുത്തുപരീക്ഷക്കുള്ള 2 മണിക്കൂറിൽ 15 മിനിട്ട് സമാശ്വാസ സമയമാണ്.
- മൂന്ന് വിഭാഗത്തിന്റെയും ഉത്തരങ്ങൾ പ്രത്യേകം പേപ്പറിൽ എഴുതി നൽകേണ്ടതാണ്. അവയിലെല്ലാം വിഷയം, പേര്, ക്ലാസ്, റോൾനമ്പർ എന്നീ വിവരങ്ങൾ രേഖപ്പെടുത്തണം.

## ആരോഗ്യ കായികവിദ്യാഭ്യാസം

സമയം : 40 മിനിറ്റ്

ആകെ സ്കോർ : 15

**1 മുതൽ 6 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും നാലെണ്ണത്തിന് ഉത്തരം എഴുതുക. ശരിയുത്തരത്തിന് 1 സ്കോർ വീതം.** (4 × 1 = 4)

1. 'സ്ലഗർ' എന്ന ഉപകരണം ഏതു കളിയുമായി ബന്ധപ്പെട്ടിരിക്കുന്നു?
(ക്രിക്കറ്റ്, സോഫ്റ്റ്ബോൾ, ടെന്നീസ്, വോളിബോൾ)

2. മുയൽ കിടക്കുന്നതിനോട് സാദൃശ്യമുള്ള യോഗാസനം ഏത്?
(ശശാങ്കാസനം, മകരാസനം, ഭുജംഗാസനം, നൗകാസനം)



3. ചിത്രത്തിൽ തന്നിരിക്കുന്ന ഉപകരണങ്ങൾ ഏതുകളിയുമായി ബന്ധപ്പെട്ടിരിക്കുന്നു?
(ടെന്നീസ്, ബേസ്ബോൾ, ടേബിൾടെന്നീസ്, ഹോക്കി)

4. താഴെപറയുന്നവയിൽ ഏത് കിരണങ്ങളാണ് സൂര്യാഘാതത്തിന് കാരണമാകുന്നത് ?
(ബീറ്റാ കിരണങ്ങൾ, ഇൻഫ്രാറെഡ് കിരണങ്ങൾ, ഗാമാകിരണങ്ങൾ, അൾട്രാവയലറ്റ് കിരണങ്ങൾ.)

5. മനസിനെ നിയന്ത്രിക്കാൻ സഹായിക്കുന്ന ശ്വാസോച്ഛ്വാസ പ്രക്രിയയാണ്?
(നടത്തം, പ്രാണായാമം, സുംബാ ഡാൻസ്, എയ്റോബിക്സ്)

6. ഏതുതരം പ്രതലത്തിലാണ് ഫ്രഞ്ച് ഓപ്പൺ ടെന്നീസ് മത്സരം നടത്തുന്നത്?
(പുൽത്തകിടി, സിന്തറ്റിക്ക് കോർട്ട്, ക്ലേ കോർട്ട്, മണൽ കോർട്ട്)

**7 മുതൽ 12 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും നാലെണ്ണത്തിന് ഉത്തരം എഴുതുക. ശരിയുത്തരത്തിന് 2 സ്കോർ വീതം.** (4 × 2 = 8)

7. പോഷകാഹാരക്കുറവ് (Malnutrition) എന്നാൽ എന്ത്?

8. അന്താരാഷ്ട്ര ടെന്നീസ് മത്സരങ്ങളുടെ പേര് എഴുതുക?

9 നിങ്ങൾ താമസിക്കുന്ന പ്രദേശത്ത് പ്രചാരമുള്ള നാല് നാടൻ കളികളുടെ പേര് എഴുതുക?

10. സോഫ്റ്റ്ബോൾ കളിയുമായി ബന്ധപ്പെട്ട നാല് പദങ്ങൾ എഴുതുക?

11. സർപ്ലസ് എനർജി എന്നാൽ എന്ത്?

12 ജംഗ്ഫുഡ് കഴിക്കുന്നതിലൂടെ ഉണ്ടാകുന്ന ആരോഗ്യപ്രശ്നങ്ങൾ എഴുതുക?

**13, 14 ചോദ്യങ്ങളിൽ ഏതെങ്കിലും ഒരെണ്ണത്തിന് ഉത്തരം എഴുതുക. ശരിയുത്തരത്തിന് 3 സ്കോർ.**

**(1× 3 = 3)**

13. സൂര്യാഘാതം എന്നാൽ എന്ത്? പ്രതിരോധമാർഗങ്ങൾ എഴുതുക.

14. അനുലോമ വിലോമ പ്രാണയാമത്തിന്റെ വിവിധ ഘട്ടങ്ങൾ വിവരിക്കുക?

## കലാവിദ്യാഭ്യാസം

**സമയം : 40 മിനിറ്റ്**
**ആകെ സ്കോർ : 15**

**1 മുതൽ 6 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും നാലെണ്ണത്തിന് ഉത്തരമെഴുതുക. ശരിയുത്തരത്തിന് ഒരു സ്കോർ.**

**(4 × 1 = 4)**

1. പാബ്ലോപിക്കാസോ ജോർജ് ബ്രാക്കുമായി ചേർന്ന് വികസിപ്പിച്ച ചിത്രരചനാരീതിയുടെ പേരെന്ത്?

   (ക്യൂബിസം, എക്സ്പ്രഷനിസം, ഇംപ്രഷനിസം, ദാദായിസം)

2. സംഗീതക്കച്ചേരിയിലെ ഉപപക്കവാദ്യം എന്നറിയപ്പെടുന്ന, കളിമണ്ണ് കൊണ്ട് നിർമ്മിച്ച ചിത്രത്തിൽ കൊടുത്തിരിക്കുന്ന വാദ്യോപകരണം ഏതെന്ന് തിരിച്ചറിയുക.



   (ഇലത്താളം, തബല, ഘടം, മൃദംഗം,)

3. നാട്യശാസ്ത്രപ്രകാരം ആത്യന്തികമായി എന്താണ് നാടകത്തിന്റെ ലക്ഷ്യം?

   (കാവ്യാനുഭൂതി, രസാനുഭൂതി, ശബ്ദാനുഭൂതി, ദിവ്യാനുഭൂതി)

4. സിനിമയിൽ ശബ്ദമിശ്രണത്തിന് ഉപയോഗിക്കുന്ന സാങ്കേതികവിദ്യയുടെ പേരെന്ത്?

   (വീഡിയോഎഡിറ്റിംഗ്, സിനിമാട്ടോഗ്രാഫി, സൗണ്ട് എഞ്ചിനീയറിംഗ്, സംവിധാനം)

5. പ്രശസ്ത ചിത്രകാരൻ കെ.സി.എസ്.പണിക്കർ തമിഴ്നാട്ടിൽ സ്ഥാപിച്ച കലാഗ്രാമത്തിന്റെ പേരെന്ത്?

   (ലളിതകലാ അക്കാദമി, ചോളമണ്ഡലം, ചിത്രകലാപരിഷത്ത്, കലാമണ്ഡലം)

6. താഴെ കൊടുത്തിരിക്കുന്നവയിൽ നിന്നും ശ്രുതിവാദ്യം കണ്ടെത്തി എഴുതുക.

   (ഓടക്കുഴൽ, ഗിറ്റാർ, തംബുരു, വയലിൻ)

**7 മുതൽ 11 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും രണ്ടെണ്ണത്തിന് ഉത്തരമെഴുതുക. ഓരോന്നിനും 3 സ്കോർ വീതം.**

**(2 × 3 = 6)**

7. നാട്യാഭിനയം എന്നാൽ എന്ത്? വിശദമാക്കുക.

8. താഴെ കൊടുത്തിരിക്കുന്നവയിൽ നിന്നും ഏതെങ്കിലും 3 താളവാദ്യങ്ങളുടെ പേരെഴുതുക.
(ചെണ്ട, വയലിൻ, തബല, വീണ, ഇടയ്ക്ക)

9.



ചിത്രം - ചിത്തപ്രസാദിന്റെ ക്ഷാമകാലചിത്രം

മുകളിൽ തന്നിരിക്കുന്ന ചിത്തപ്രസാദിന്റെ ചിത്രത്തിന്റെ പ്രത്യേകതകൾ നിരീക്ഷിച്ച് മനസ്സിലാക്കുക. നിങ്ങളുടെ ഭാവനയിൽ തെരുവുജീവിതത്തിന്റെ ദൃശ്യം വരക്കുക. ഉചിതമായ നിറങ്ങൾ നൽകി പൂർത്തീകരിക്കുക. (വരയ്ക്കാൻ പ്രത്യേകം പേപ്പർ ഉപയോഗിക്കുക)

10. ചതുർവിധാഭിനയങ്ങൾ ഏതൊക്കെയെന്ന് എഴുതുക.
ആംഗികം, ------, ------, -----, ----

11. താഴെ കൊടുത്തിരിക്കുന്ന സംഗീതോപകരണങ്ങൾ തിരിച്ചറിഞ്ഞ് എഴുതുക.



**12 മുതൽ 14 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും ഒന്നിന് ഉത്തരമെഴുതുക. ശരിയുത്തരത്തിന് 5 സ്കോർ.**
**(1 × 5 = 5)**

12. "റോഡരികിലൂടെ സ്കൂളിലേക്ക് നടന്നു വരുന്ന കുട്ടി."
"വഴിയരികിൽ വിശന്നു വലഞ്ഞു കിടക്കുന്ന തെരുവുനായക്ക് ബാഗിലെ ഭക്ഷണം കൊടുത്തശേഷം കുട്ടി സ്കൂളിലേക്ക് നടന്നു പോകുന്നു."
   1. സന്ദർഭത്തിന് അനുയോജ്യമായ തിരക്കഥ തയ്യാറാക്കുക.
   2. തിരക്കഥക്ക് അനുസരിച്ച് സ്റ്റോറി ബോർഡ് തയ്യാറാക്കുക.

13. സ്കൂളിനുചുറ്റുമുള്ള പ്രകൃതി നിങ്ങൾ ദിവസവും കാണുന്നതാണെല്ലോ. വീട്ടിൽ നിന്നും സ്കൂളിലേക്കുള്ള വഴിയിൽ പലവിധ ദൃശ്യങ്ങളും നിങ്ങൾ കാണാറുണ്ടല്ലോ. രണ്ട് പ്രകൃതിദൃശ്യങ്ങളും ചേർത്ത് ഒരു പെയ്ന്റിംഗ് ചെയ്യു. ചിത്രത്തിന് ഇഷ്ടപ്പെട്ട നിറങ്ങൾ നൽകി പൂർത്തിയാക്കുക. (ചിത്രം വരയ്ക്കാൻ പ്രത്യേകം പേപ്പർ ഉപയോഗിക്കുക)

14. ചിത്രത്തിൽ കൊടുത്തിരിക്കുന്ന സംഗീതരൂപം തിരിച്ചറിഞ്ഞ്, അതിലുൾപ്പെട്ടിട്ടുള്ള വാദ്യോപകരണങ്ങളുടെ പേരുകൾ എഴുതുക.



സമയം : 40 മിനിറ്റ്

## പ്രവൃത്തിപഠനം


ആകെ സ്കോർ : 15

**1 മുതൽ 4 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും മൂന്നെണ്ണത്തിന് ഉത്തരമെഴുതുക. ഓരോന്നിനും 1 സ്കോർ വീതം.** **(3 × 1= 3)**

1. സോപ്പ് നിർമാണഘട്ടത്തിൽ കാസ്റ്റിക്ക് സോഡ ഏതിലാണ് ലയിപ്പിക്കുന്നത്?
(ജലത്തിൽ, വെളിച്ചെണ്ണയിൽ, മണ്ണെണ്ണയിൽ, നല്ലെണ്ണയിൽ)
2. എർത്ത് ലീക്കേജ് സർക്യൂട്ട് ബ്രേക്കർ എന്നതിന്റെ ചുരുക്കെഴുത്ത് എന്താണ്?
(എം.സി.ബി, എൽ.ഇ.ഡി, ഇ.എൽ.സി.ബി, സി.സി.എൽ)
3. കയർ ഉൽപ്പന്നങ്ങൾക്ക് നിറം നൽകുന്നതിന് ഉപയോഗിക്കുന്ന രാസവസ്തു
(ഫാബ്രിക്ക്പെയിന്റ്, റൊഡാമിൻ, ഇനാമൽപെയിന്റ്, വാട്ടർ കളർ)
4. ഓറഞ്ച്, വയലറ്റ്, പച്ച എന്നീ നിറങ്ങൾ ഏത് വിഭാഗത്തിൽപെടുന്നു ?
(പ്രാഥമികവർണങ്ങൾ, ത്രിതീയവർണങ്ങൾ, രൂപരേഖാവർണങ്ങൾ, ദ്വിതീയവർണങ്ങൾ)

**5 മുതൽ 9 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും നാലെണ്ണത്തിന് ഉത്തരം എഴുതുക. ഓരോന്നിനും 2 സ്കോർ വീതം.** **(4 × 2 = 8)**

5. പദസൂര്യൻ പൂർത്തീകരിക്കുക.




6. വസ്ത്ര നിർമ്മാണത്തിന് ഉപയോഗിക്കുന്ന ഏതെങ്കിലും നാലു തുണിത്തരങ്ങളുടെ പേരെഴുതുക?
7. ചേരുംപടി ചേർക്കുക.

| | |
|---|---|
| സിൽക്ക് | ഫർക്ലോത്ത് |
| സ്റ്റഫ്ഡ് ടോയ്സ് | പട്ടുനൂൽപുഴു |
| പ്രിന്റിംഗ് | ആണി |
| ത്രെഡ്പാറ്റേൺ | സ്റ്റെൻസിൽ |

8. താഴെകൊടുത്തിരിക്കുന്ന ചിത്രങ്ങൾ തിരിച്ചറിഞ്ഞ് പേരെഴുതുക

A  B  C  D 

9. ഇലക്ട്രിക്കൽ വയറിംഗ് ചെയ്യുന്നതിന് ആവശ്യമായ ഏതെങ്കിലും 4 സാധനസാമഗ്രികളുടെ പേര് എഴുതുക.

**10 മുതൽ 11 വരെ ചോദ്യങ്ങളിൽ ഏതെങ്കിലും ഒന്നിന് ഉത്തരം എഴുതുക. ശരിയുത്തരത്തിന് 4 സ്കോർ.** **(1 × 4 = 4)**

10. ഏതെങ്കിലും 2 ബുക്ക് ബയന്റിംഗ് രീതികളുടെ പേരെഴുതുക. ഒന്നിന്റെ നിർമാണരീതി വിവരിക്കുക?

OR

11. "ലഹരിവിമുക്തകേരളം" എന്ന ആശയത്തെ സമൂഹത്തിലേക്ക് എത്തിക്കുന്നതിന് സ്വീകരിക്കാൻ കഴിയുന്ന വ്യത്യസ്ത മാർഗങ്ങൾ ഏതെല്ലാം. ഒന്നിനെകുറിച്ച് വിശദമാക്കുക.